ശ്രീ. കെ. കെ. കണ്ണൻ : ലെവിസിസ്റ്റം ഏർപ്പെടുത്തുമ്പോൾ ഗവണ്മെണ്ടിലേക്ക് കൊടുത്തുകഴിഞ്ഞു ബാക്കിവരുന്ന നെല്ല് ഒരു താലൂക്കിൽനിന്നും മറെറാരു താലൂക്കിലേക്ക് കൊണ്ടുപോകുവാൻ ഗവണ്മെണ്ട് അനുവദിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രൊക്യുവമെണ്ട് സീസണിൽ അങ്ങനെ ചെയ്യുവാൻ അനുവദിക്കുകയില്ല.

ശ്രീ. കെ. കെ. കണ്ണൻ : ലെവിസിസ്റ്റത്തിന്റെ വ്യവസ്ഥകൾ കാണിച്ചു പ്രസിദ്ധപ്പെടുത്തിയ പ്രസ്നോട്ടിൽ ഇങ്ങനെ കൊണ്ടുപോകുവാൻ അനുവദിക്കപ്പെടുന്നതാണെന്ന് പറഞ്ഞിരിക്കുന്നതു് എന്തു ഉദ്ദേശത്തോടുകൂടിയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള : ഒരു താലൂക്കിൽനിന്നും മറെറാരു താലൂക്കിലേക്ക് കൊണ്ടുപോകുവാൻ അനുവദിക്കുമെന്നു് പ്രസ്നോട്ടിൽ പറഞ്ഞിട്ടില്ല.

ശ്രീ. കെ. കെ. കണ്ണൻ : ഫെബ്രുവരി ന്യ—ാംതു-യിലെ പ്രസ്നോട്ടിൽ അങ്ങനെ പറഞ്ഞിട്ടുണ്ടെന്നാണു് ഞാൻ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു തെറാണെന്നാണു് ഞാനും പറയുന്നതു്.

ശ്രീ. കെ. എ. മാത്യു : ഗവണ്മെണ്ട് എടുക്കുന്ന നെല്ലിനു് എന്തു വിലകൊടുക്കണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അക്കാര്യം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുകയാണു്.

ശ്രീ. കെ. എ. മാത്യു : ഇപ്പോൾ എന്തു വില കൊടുക്കുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള : ഒരു പറ നെല്ലിനു് ഏ ശ്രേ. ഏ ന ണ. ന്നു പൈ വിലവച്ചു കൊടുക്കുന്നു. നെല്ലിനു് വില കൂട്ടുന്നപക്ഷം കുപ്പോവിൽ എടുക്കുന്ന നെല്ലിനുകൂടി ആ വില കിട്ടത്തക്കവണ്ണം വ്യവസ്ഥ ചെയ്യുന്നതാണു്.

Sri. K. Sivarama Pillai: How long does the Government expect the procurement season to last?

Sri. T. K. Narayana Pillai: That depends a good deal upon the weather.

ശ്രീ. വി. ഗംഗാധരൻനായർ : ലെവിസിസ്റ്റം ഏർപ്പെടുത്തി ഈ രാജ്യത്തു പ്രൊക്യൂർമെൻറിനു് അയവു വരുത്തണമെന്നാണോ ഗവണ്മെണ്ടു് വിചാരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രൊക്യൂർമെൻറ് കൂടുതൽ കാര്യക്ഷമമാക്കണമെന്നാണു് ഗവണ്മെണ്ടിന്റെ വിചാരം.

തിരുവിതാംകൂർ നാണയം

*൯. (൯) ശ്രീമതി ദേവകിഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ നാണയം പിൻവലിക്കുന്നതുകൊണ്ടു് തിരുവിതാംകൂർ–കൊച്ചി ഗവണ്മെണ്ടിനെന്തെങ്കിലും നഷ്ടം വരാൻ ഇടയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ നഷ്ടം ആരു വഹിക്കും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) നാണയം പിൻവലിക്കുന്നതു സംബന്ധിച്ചു് ഗവണ്മെണ്ടിനു് യാതൊരു നഷ്ടവും ഉണ്ടാകുന്നതല്ല.

(ബി) എ.യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly